പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ ; **3003**

23-3-2015 ൽ
മറുപടിയ്ക്ക്

## സി-ഡിറ്റ് - കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| (എ) സി-ഡിറ്റിന് 2010-ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണത്തിന് കല്ലിടൽ കർമ്മം കഴിഞ്ഞ് രണ്ടു വർഷം കഴിഞ്ഞിട്ടും നിർമ്മാണം തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) & (ബി) | സി-ഡിറ്റിന്റെ 18-ാം ഗവേണിംഗ് ബോഡിയുടെ 11-4-2012 ലെ തീരുമാനപ്രകാരം പട്ടത്ത് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള ചുമതല ബി.എസ്.എൻ.എൽ സിവിൽ വിംഗിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. തുടർന്നു ബി.എസ്.എൻ.എല്ലും സി-ഡിറ്റുമായി ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി ഒഴികെ മുഴുവൻ നിർമ്മാണ ചുമതലയും സംബന്ധിച്ച കരാർ 2013-ൽ ഒപ്പിടുകയുമുണ്ടായി. എന്നാൽ പിന്നീട് കൂടിയ സി- ഡിറ്റിന്റെ 66-ാം എക്സിക്യൂട്ടീവ് കമ്മിറ്റി ബി.എസ്.എൻ.എല്ലുമായി ഉണ്ടാക്കിയിരുന്ന കരാർ റദ്ദാക്കി ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി ഉൾപ്പെടെ മുഴുവൻനിർമ്മാണചുമതലയും ബി.എസ്.എൻ.എല്ലിനെ ഏൽപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് മുഴുവൻ നിർമ്മാണ ചുമതലയും ബി.എസ്.എൻ.എല്ലിനെ ഏൽപ്പിച്ചുകൊണ്ട് പുതുക്കിയ കരാറിൽ ഏർപ്പെടുകയും അഡ്വാൻസ് തുക ബി.എസ്.എൻ.എല്ലിന് നൽകുകയും ചെയ്തു. എന്നാൽ ബി.എസ്.എൻ.എൽ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുക മുൻപ് അനുവദിച്ച തുകയേക്കാൾ കൂടുതലായതിനാൽ ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുവാൻ ബി.എസ്.എൻ.എല്ലിനോട് ആവശ്യപ്പെടുകയും അപ്രകാരം പുതുക്കിയ പ്രൊപ്പോസൽ ബി.എസ്.എൻ.എൽ സമർപ്പിക്കുകയും ആയതിന് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. |
| (ബി) ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ